**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 316** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യസുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കിടപ്പുരോഗികളായിട്ടുള്ളവർക്കും ഭർത്താവ് മരിച്ചതും ആൺമക്കളുടെ സംരക്ഷണം ഇല്ലാത്തതുമായ അനേകം സ്ത്രീകൾക്കും വീട്ടിൽ എയർ കണ്ടീഷണർ (എ.സി.) ഉണ്ടെന്ന ഒറ്റ കാരണത്താൽ അർഹമായ പെൻഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു

**(ബി)** ഇത്തരം വീടുകളിൽ പലതിലും ഭർത്താവ് ജീവിച്ചിരുന്ന കാലത്തോ അല്ലെങ്കിൽ സാമ്പത്തികമായി മെച്ചപ്പെട്ട ചുറ്റുപാടുണ്ടായിരുന്നപ്പോഴോ സ്ഥാപിച്ച എ.സി. ആണ് ഉള്ളതെന്നും, നിലവിൽ വരുമാനമാർഗ്ഗങ്ങളില്ലാത്ത ഈ കിടപ്പുരോഗികളും വിധവകളും വലിയ സാമ്പത്തിക ബുദ്ധിമുട്ടിലാണ് കഴിയുന്നതെന്നുമുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു

**(സി)** വീട്ടിൽ എ.സി. ഉണ്ട് എന്ന സാങ്കേതിക കാരണം ചൂണ്ടിക്കാട്ടി തികച്ചും അർഹരായ ഇത്തരക്കാർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ നിഷേധിക്കുന്നത് ഒഴിവാക്കാൻ നിലവിലെ പെൻഷൻ മാനദണ്ഡങ്ങളിൽ അടിയന്തരമായി ഇളവുകൾ വരുത്തുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു

**സെക്ഷൻ ഓഫീസർ**